Snehadeepam
Reg No.: ER 835-05/11/03
റൂം നമ്പർ 25, ബിൽഡിങ്ങ് നമ്പർ 14/431, മുനിസ്സിപാലിറ്റി ബിൽഡിങ്ങ്, മാർക്കറ്റ് റോഡ് ഇരിഞ്ഞാലക്കുട പി. ഒ., കേരള – 680121, ഫോൺ നമ്പർ: 0091 480 2826216
Website: www.snehadeepam.org.in, E-mail: info@snehadeepam.org.in

# സ്നേഹദീപം ചാരിറ്റബിൾ സൊസൈറ്റിയിലൂടെ സ്പോൺസർഷിപ്പ് പദ്ധതി.

ഭവനം, വിവാഹം, വിദ്യാഭ്യാസം, ആരോഗ്യം, ആത്മീയം, സ്വയം തൊഴിൽ എന്നീ മേഖലകളിൽ സ്പോൺസർമാരെ കണ്ടെത്തി നേരിട്ട് അർഹതപെട്ടവർക്ക് സഹായം എത്തിക്കാനുള്ള പദ്ധതി.

1. സ്പോൺസർമാർക്ക് പൂർണമായ തുകയോ ഭാഗികമായ തുകയോ സ്പോൺസർ ചെയ്യാം.
2. പൂർണമായ തുക സ്പോൺസർ ചെയ്യുന്ന വ്യക്തിക്ക് സഹായം കിട്ടുന്ന വ്യക്തിയെ തിരഞ്ഞെടുക്കാനോ/ അറിയാനോ അവകാശമുണ്ട്. അതിനുവേണ്ട സഹായം സൊസൈറ്റി ചെയ്തുകൊടുക്കും.
3. സ്പോൺസർമാർ സൊസൈറ്റി മെമ്പർമാരോ, കൂട്ടായ്മ അംഗങ്ങളോ, അല്ലാത്തവരോ, മറ്റു മതസ്ഥരോ, സ്ഥാപനങ്ങളോ ഏതിനെയും സ്വാഗതം ചെയ്യുന്നു.

എല്ലാ ബോർഡ് മെമ്പർമാരും വ്യക്തിപരമായി സ്പോൺസർമാരെ കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

സഹായം ലഭിക്കുന്ന വ്യക്തികൾ സൊസൈറ്റിയുമായി തുടർന്നും സഹകരിക്കണം പ്രതീക്ഷിക്കുന്നു.

## ഭവനമേഖല

3 ലക്ഷം രൂപ മൊത്ത സംഖ്യ

- പല ഗഡുക്കളായി അർഹതപെട്ടവർക്ക് ഭവനത്തിന്റെ നിർമ്മാണപുരോഗതി നോക്കി സഹായം നൽകും.
- അപേക്ഷകരുടെ അർഹത സൊസൈറ്റിക്കോ സ്പോൺസർമാർക്കോ ബോധ്യപ്പെട്ടിരിക്കണം.
- അപേക്ഷകന് ചുരുങ്ങിയത് 3 cent സ്ഥലം സ്വന്തം പേരിൽ ഉണ്ടാവുകയും ഭവനനിർമ്മാണത്തിനുശേഷം 20 വർഷത്തേക്ക് വിൽക്കുകയില്ല എന്ന സമ്മതപത്രം നല്കുകയും വേണം.

## വിവാഹം

1 ലക്ഷം രൂപ മൊത്ത സംഖ്യ

- അപേക്ഷകരുടെ അർഹത സൊസൈറ്റിക്കോ സ്പോൺസർമാർക്കോ പൂർണമായും ബോധ്യപ്പെട്ടിരിക്കണം
- സഹായം രൂപയായി നല്കും.

## വിദ്യാഭ്യാസം

പ്രാഫഷണൽ കോഴ്സുകളുടെ പഠനത്തിന് പൂർണമായോ ഭാഗീകമായോ ഉള്ള സഹായം.

ഇങ്ങനെ സഹായം ലഭിക്കുന്ന അപേക്ഷകർ ജോലി ലഭിച്ചതിന് ശേഷം ലഭിച്ച സഹായത്തിന്റെ ഒരു തുക സൊസൈറ്റിയുടെ മറ്റ് അർഹതപെട്ടവർക്ക് നൽകുന്ന രീതിയിലുള്ള നിബന്ധനകൾ ഉൾകൊള്ളിച്ചുകൊണ്ട് സഹായം നൽകും.

കോഴ്സിനുവേണ്ട പൂർണമായ തുക മുൻകൂറായി സ്പോൺസർ ചെയ്യുന്ന വ്യക്തിക്ക് സൊസൈറ്റി വഴി അപേക്ഷകനുമായി ബന്ധപെടുന്നതിൽ വിരോധമില്ല. ഇത്തരം പ്രവർത്തനങ്ങൾ സമൂഹമര്യാദകൾക്ക് നിരക്കുന്ന രീതിയിലായിരിക്കണം.

## ആരോഗ്യം

സ്പോൺസർമാരുടെ താല്പര്യപ്രകാരം വ്യക്തിപരമായോ കൂട്ടായോ സഹായം നടത്താം.

രോഗിയുടെയും രോഗത്തിന്റെയും അവസ്ഥകൾ അനുസരിച്ച് മൊത്തം തുക മാറി വന്നേക്കാം.

## ആത്മീയം

സ്പോൺസർമാരുടെ താല്പര്യപ്രകാരം സമൂഹത്തെ കൂടുതൽ ക്രിസ്തീയവിശ്വാസത്തിൽ വളരാൻ സഹായിക്കുന്ന ഏത് തരം പ്രവർത്തനങ്ങൾക്കും പൂർണമായ തുകയോ ഭാഗികമായ തുകയോ സ്പോൺസർ ചെയ്യാം.

## സ്വയം തൊഴിൽ

സ്പോൺസർമാരുടെ താല്പര്യപ്രകാരം വ്യക്തിപരമായോ കൂട്ടായോ സഹായം നടത്താം.

നിത്യവൃത്തിക്കുപോലും വകയില്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ഏതെങ്കിലും ഒരു തൊഴിലിലൂടെ സ്ഥിര വരുമാനമാർഗം ഉണ്ടാക്കികൊടുക്കുക.

അപേക്ഷകരുടെ അർഹത സൊസൈറ്റിക്കോ സ്പോൺസർമാർക്കോ പൂർണമായും ബോധ്യപെട്ടിരിക്കണം.

**സ്നേഹപൂർവ്വം,**
**സ്നേഹദീപം ചാരിറ്റബിൾ സൊസൈറ്റിക്കുവേണ്ടി**

**സെക്രട്ടറി, ജോയി ചാഴൂർ**